# 2006-ലെ കേരള മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമ സെസ്സ് ബിൽ

(നിയമസഭ പാസ്സാക്കിയ പ്രകാരമുള്ളത്)

1985-ലെ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ആക്റ്റിലെ (1985-ലെ 30), 3-ാം വകുപ്പിൻ കീഴിൽ രൂപീകരിച്ചിട്ടുള്ള കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധിയിലേക്കുള്ള വരുമാനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ മത്സ്യത്തിന്റെയും മത്സ്യോല്പന്നങ്ങളുടെയും അനുബന്ധവസ്തുക്കളുടേയും ഉപകരണ ങ്ങളുടേയും സംസ്ഥാനത്തിനകത്തുള്ള വിറ്റുവരവിന്മേൽ സെസ്സ് ചുമത്തുന്ന തിനും പിരിച്ചെടുക്കുന്നതിനുമായി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—കേരളത്തിലെ മത്സ്യബന്ധന വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന മത്സ്യ തൊഴിലാളി-അനുബന്ധ തൊഴിലാളികളുടെ ക്ഷേമത്തിനായി, 1985-ലെ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ആക്റ്റിൻ (1985-ലെ 30) കീഴിൽ രൂപീകരിച്ച കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധിയുടെ വരുമാനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ മത്സ്യത്തിന്റെയും മത്സ്യോല്പന്നങ്ങളുടെയും അനുബന്ധവസ്തുക്കളുടേയും ഉപകരണങ്ങ ളുടേയും സംസ്ഥാനത്തിനകത്തുള്ള വിറ്റുവരവിന്മേൽ സെസ്സ് ചുമത്തുകയും പിരിച്ചെടു ക്കുകയും ചെയ്യുന്നതിനും സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടേയും അനുബന്ധ തൊഴിലാളികളുടേയും താല്പര്യം സംരക്ഷിക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിന് അപ്രകാരമുള്ള സെസ്സ് വ്യാപാരികളുടെമേൽ ചുമത്തുന്നത് യുക്തമായിരിക്കുകയാൽ ;

ഇന്ത്യൻ റിപ്പബ്ലിക്കിന്റെ അമ്പത്തിഎട്ടാം സംവൽസരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും, വ്യാപ്തിയും, പ്രാരംഭവും.—(1) ഈ ആക്റ്റിന് 2007-ലെ കേരള മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമ സെസ്സ് ആക്റ്റ് എന്ന് പേര് പറയാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

(3) ഇത് 2006 ഫെബ്രുവരി 18-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുത പ്പെടേണ്ടതാണ്.

KNPP.337/2007.

2. നിർവ്വചനങ്ങൾ.—(1) ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(എ) "അനുബന്ധ തൊഴിലാളി" എന്നാൽ തന്റെ ഉപജീവനത്തിനായി മുഖ്യമായും മത്സ്യബന്ധനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നതും 1980-ലെ കേരള മത്സ്യത്തൊഴിലാളി ക്ഷേമ സംഘങ്ങൾ ആക്റ്റി (1981-ലെ 7) ലെ 2-ാം വകുപ്പ് (ഇ) ഖണ്ഡത്തിലെ "മത്സ്യത്തൊഴിലാളികൾ" എന്ന നിർവ്വചനത്തിൻകീഴിൽ വരാത്തതുമായ ഏതൊരാളും എന്നർത്ഥമാകുന്നതും അതിൽ സ്റ്റാറ്റ്യൂട്ടറിയായിട്ടുള്ള മറ്റേതെങ്കിലും ക്ഷേമപദ്ധതിയിൽ അംഗമല്ലാത്തവരോ അല്ലെങ്കിൽ അംഗത്വം ലഭിക്കാൻ അർഹത ഇല്ലാത്തവരോ ആയ തീരദേശ തൊഴിലാളികൾ, മത്സ്യ വിതരണക്കാർ, മത്സ്യം ഉണക്കുന്നവർ, പീലിംഗ് തൊഴിലാളികൾ, സംസ്കരണ പ്ലാന്റുകളിലെ തൊഴിലാളികൾ എന്നിവർ ഉൾപ്പെടുന്നതുമാകുന്നു ;

(ബി) "അസ്സസ്സിംഗ് ആഫീസർ" എന്നാൽ 5-ാം വകുപ്പിൻകീഴിൽ സർക്കാർ നിയമിച്ച ഒരു ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു ;

(സി) "ബോർഡ്" എന്നാൽ 1985-ലെ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ആക്റ്റി (1985-ലെ 30) ന്റെ 7-ാം വകുപ്പിൻകീഴിൽ രൂപീകരിച്ച കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നർത്ഥമാകുന്നു ;

(ഡി) "വ്യാപാരി" എന്നാൽ സംസ്ഥാനത്തിനകത്ത് മത്സ്യം വാങ്ങുകയോ, വിൽക്കുകയോ, മത്സ്യസംസ്കരണം നടത്തുകയോ മത്സ്യമോ (പച്ചയായോ, സംസ്കരിച്ചോ) മത്സ്യ ഉല്പന്നങ്ങളോ, അനുബന്ധ വസ്തുക്കളോ, ഉപകരണങ്ങളോ സംസ്ഥാനത്തിനകത്തേക്ക് കൊണ്ടുവരുന്നതോ, സംസ്ഥാനത്തിന് പുറത്തേക്ക് കൊണ്ടുപോകുന്നതോ ആയ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരു ആളും എന്നർത്ഥമാകുന്നതും, അതിൽ,—

(i) ഒരു കമ്മീഷൻ ഏജന്റ് ; ഒരു ബ്രോക്കർ, ലേലക്കാരൻ അല്ലെങ്കിൽ മറ്റേതെങ്കിലും മെർക്കന്റൈൽ ഏജന്റ് അയാൾ ഏത് പേരിലറിയപ്പെട്ടിരുന്നാലും ;

(ii) ഒരു നിവാസേതര വ്യാപാരി അല്ലെങ്കിൽ ഒരു നിവാസേതര വ്യാപാരിയുടെ ഏജന്റ് അല്ലെങ്കിൽ സംസ്ഥാനത്തിന് പുറത്ത് സ്ഥിതിചെയ്യുന്ന ഒരു ഫേമിന്റെയോ കമ്പനിയുടെയോ അസോസിയേഷന്റെയോ ബ്രാഞ്ച് എന്നിവ ഉൾപ്പെടുന്നതുമാകുന്നു :

എന്നാൽ 1985-ലെ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ആക്ടിലെ (1985-ലെ 30) നിർവ്വചനത്തിൽ പറയുന്ന മത്സ്യത്തൊഴിലാളിയും അനുബന്ധ തൊഴിലാളിയും ഇതിൽ ഉൾപ്പെടുന്നതല്ലാത്തതുമാകുന്നു.

(ഇ) "മത്സ്യം" എന്നാൽ, ചെമ്മീൻ, കൊഞ്ച്, ചിപ്പി, കക്ക, കണവ, കൂന്തൻ ഞണ്ട്, എന്നിവ ഉൾപ്പെടെയുള്ള എല്ലാ തരത്തിലുമുള്ള മത്സ്യവും അല്ലെങ്കിൽ ഭക്ഷ്യാവശ്യത്തിനോ ഔഷധാവശ്യത്തിനോ അല്ലെങ്കിൽ വളമായോ തീറ്റയായോ വാണിജ്യാടിസ്ഥാനത്തിൽ പ്രയോജനപ്പെടുത്താവുന്ന മറ്റ് ഏതെങ്കിലും ജലജീവികളും ജലസസ്യങ്ങളും അലങ്കാരമത്സ്യങ്ങളും എന്നർത്ഥമാകുന്നു ;

(എഫ്) "മത്സ്യത്തൊഴിലാളി" എന്നാൽ 1980-ലെ കേരള മത്സ്യത്തൊഴിലാളി ക്ഷേമ സംഘങ്ങൾ ആക്റ്റി (1981-ലെ 7)ലെ 2-ാം വകുപ്പ് (ഇ) ഖണ്ഡത്തിൽ നിർവ്വചിച്ച പ്രകാരമുള്ള ഒരു മത്സ്യത്തൊഴിലാളി എന്നർത്ഥമാകുന്നു ;

(ജി) "മത്സ്യബന്ധന ഉരു" എന്നാൽ ലാഭത്തിനായി മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്ന, യാന്ത്രികമായി ചലിപ്പിക്കുന്നതിനുള്ള സജ്ജീകരണം ഘടിപ്പിച്ചതോ അല്ലാത്തതോ ആയ, ഒരു കപ്പൽ അഥവാ ബോട്ട് എന്നർത്ഥമാകുന്നതും അതിൽ,—

കട്ടമരം, വഞ്ചി, വള്ളം അല്ലെങ്കിൽ മറ്റേതെങ്കിലും പ്രാദേശിക വ്യതിയാനങ്ങളിൽ അറിയപ്പെടുന്ന തോണിയും ഉൾപ്പെടുന്നു ;

(എച്ച്) "നിധി" എന്നാൽ 1985-ലെ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ആക്റ്റി (1985-ലെ 30) ലെ 3-ാം വകുപ്പ് പ്രകാരം ഏർപ്പെടുത്തിയ കേരള മത്സ്യതൊഴിലാളി ക്ഷേമനിധി എന്നർത്ഥമാകുന്നു ;

(ഐ) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു ;

(ജെ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ടത് എന്നർത്ഥമാകുന്നു ;

(കെ) "വിറ്റുവരവ്" എന്നാൽ മത്സ്യം, മത്സ്യഉത്പന്നങ്ങൾ, അനുബന്ധ വസ്തുക്കൾ, ഉപകരണങ്ങൾ എന്നിവ വിൽക്കുകയോ, വാങ്ങുകയോ അഥവാ മറ്റ് വിധത്തിൽ സംസ്കരിക്കുന്നതിനോ, ഉപയോഗിക്കുന്നതിനോ വേണ്ടി സംസ്ഥാനത്തുനിന്നും പുറത്തേക്ക് കൊണ്ടുപോകുന്നതോ, സംസ്ഥാനത്തിനകത്തേക്ക് കൊണ്ടുവരുന്നതോ ഉൾപ്പെടെ, സംസ്ഥാനത്തിനകത്ത് നടക്കുന്ന എല്ലാ ക്രയവിക്രയങ്ങളുടേയും വില്പനമൂല്യം എന്നർത്ഥമാകുന്നു.

(2) ഈ ആക്റ്റിൽ നിർവ്വചിച്ചിട്ടില്ലാത്തതും എന്നാൽ, ഉപയോഗിച്ചിട്ടുള്ളതുമായ വാക്കുകൾക്കും പദപ്രയോഗങ്ങൾക്കും, 1985-ലെ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ആക്റ്റിൽ (1985-ലെ 30) നിർവ്വചിച്ചിട്ടുള്ളതുമായ വാക്കുകൾക്കും പദപ്രയോഗങ്ങൾക്കും, അവയ്ക്ക് ആ ആക്റ്റിൽ യഥാക്രമം നൽകിയിട്ടുള്ളതുമായ അതേ അർത്ഥം ഉണ്ടായിരിക്കുന്നതുമാണ്.

3. സെസ്സ് ചുമത്തലും പിരിച്ചെടുക്കലും.—(1) 1985-ലെ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ആക്റ്റി (1985-ലെ 30) ന്റെയും അതിൻ കീഴിലുണ്ടാക്കിയിട്ടുള്ള പദ്ധതിയുടെയും ആവശ്യത്തിലേക്കായി ഒരു സാമ്പത്തികവർഷം ഒരു വ്യാപാരിയുടെ മൊത്തം വിറ്റുവരവിന്റെ ഒരു ശതമാനം സെസ്സായി ചുമത്തേണ്ടതും പിരിച്ചെടുക്കേണ്ടതുമാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം ചുമത്തിയിട്ടുള്ള സെസ്സ് നിർണ്ണയിക്കപ്പെടാവുന്ന അത്തരം രീതിയിലും അത്തരം സമയത്തും ഓരോ വ്യാപാരിയിൽ നിന്നും പിരിച്ചെടുക്കേണ്ടതാണ്.

(3) (1)-ാം ഉപവകുപ്പ് പ്രകാരം ചുമത്തിയിട്ടുള്ള സെസ്സ് തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൻ കീഴിൽ മത്സ്യത്തിനുമേൽ ചുമത്താവുന്ന ഏതെങ്കിലും സെസ്സിനോ, തീരുവയ്ക്കോ, നികുതിക്കോ പുറമെയായിരിക്കുന്നതാണ്.

(4) (2)-ാം ഉപവകുപ്പ് പ്രകാരം സെസ്സായി പിരിച്ചെടുത്ത തുക നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ ആദ്യം സംസ്ഥാന സഞ്ചിതനിധിയിലേക്ക് വരവ് വയ്ക്കേണ്ടതാണ്.

(5) സർക്കാർ, നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ, ഓരോ വർഷവും സെസ്സായി പിരിച്ചെടുത്ത തുകയുടെ ഒരു ശതമാനത്തിൽ കവിയാത്ത തുക അത്തരം സെസ്സിന്റെ പിരിച്ചെടുക്കൽ ചെലവിലേക്കായി കിഴിവുചെയ്തശേഷം ജൂൺ 30-ാം തീയതിക്കു മുൻപായി ബോർഡിന്റെ നിധിയിലേക്ക് അടയ്ക്കേണ്ടതാണ്.

4. ആക്റ്റിന്റെ ഭരണ നിർവ്വഹണം.—ഈ ആക്റ്റിന്റെ ഭരണം നിർവ്വഹിക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും നടപ്പിലാക്കുന്നതിനുമുള്ള അതോറിറ്റി ഫിഷറീസ് ഡയറക്ടർ ആയിരിക്കുന്നതാണ്.

5. അസ്സസ്സിംഗ് ആഫീസറുടെ നിയമനം.—സർക്കാർ, ഗസറ്റുവിജ്ഞാപനം വഴി, ഫിഷറീസ് വകുപ്പിലെ ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ/മത്സ്യഭവൻ ഓഫീസർ പദവിയിൽ കുറയാത്ത ഉദ്യോഗസ്ഥനെ ഈ ആക്റ്റിന്റെ ആവശ്യത്തിലേക്കായി അസ്സസ്സിംഗ് ആഫീസറായി നിയമിക്കേണ്ടതാണ്.

6. രജിസ്റ്ററുകളും രേഖകളും സൂക്ഷിക്കൽ.—(1) ഓരോ വ്യാപാരിയും നിർണ്ണയിക്കപ്പെടുന്ന പ്രകാരമുള്ള രജിസ്റ്ററുകളും രേഖകളും സൂക്ഷിക്കേണ്ടതാണ്.

(2) രജിസ്റ്ററുകളും രേഖകളും വ്യാപാരിയുടെ സ്ഥാപനത്തിൽ സൂക്ഷിക്കേണ്ടതും ഈ ആക്റ്റിന്റെ കീഴിലുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനോ, അധികാരസ്ഥനോ പരിശോധനയ്ക്കായി ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്.

7. വ്യാപാരി റിട്ടേൺ നൽകണമെന്ന്.—(1) ഓരോ വ്യാപാരിയും മുൻ സാമ്പത്തിക വർഷത്തെ വിറ്റുവരവ് കാണിക്കുന്ന ഒരു റിട്ടേൺ, നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ, അസ്സസ്സിംഗ് ആഫീസർക്ക് നൽകേണ്ടതാണ്.

(2) ഏതെങ്കിലും വ്യാപാരി (1)-ാം ഉപവകുപ്പ് പ്രകാരം റിട്ടേൺ നൽകുന്നതിൽ വീഴ്ച വരുത്തുന്നപക്ഷം അസ്സസ്സിംഗ് ആഫീസർ അത്തരം വ്യാപാരിക്ക് നോട്ടീസിൽ നിർദ്ദേശിച്ചേക്കാവുന്ന തീയതിക്കുമുൻപ് അത്തരം റിട്ടേൺ നൽകുവാൻ ആവശ്യപ്പെട്ടു കൊണ്ട് നോട്ടീസ് നൽകേണ്ടതാണ്.

8. സെസ്സ് നിർണ്ണയിക്കൽ.—(1) 7-ാം വകുപ്പുപ്രകാരം റിട്ടേൺ ലഭിക്കുമ്പോൾ അസ്സസ്സിംഗ് ആഫീസർ തനിക്ക് ഉചിതമെന്ന് തോന്നുന്ന അപ്രകാരമുള്ള അന്വേഷണം നടത്തിയതിനോ നടത്തിച്ചതിനോ ശേഷവും റിട്ടേണിൽ നൽകിയിട്ടുള്ള വിവരങ്ങൾ ശരിയാണെന്ന് തനിക്ക് ബോദ്ധ്യപ്പെട്ടതിനുശേഷവും, ഉത്തരവ് വഴി, വ്യാപാരി നൽകേണ്ടതായ സെസ്സ് നിർണ്ണയിക്കേണ്ടതാണ്.

(2) വ്യാപാരി അസ്സസ്സിംഗ് ആഫീസർക്ക് റിട്ടേൺ നൽകിയിട്ടില്ലാത്തപക്ഷമോ അഥവാ റിട്ടേണിൽ നൽകിയിരിക്കുന്ന വിവരങ്ങൾ ശരിയല്ലായെന്ന് കാണുന്നപക്ഷമോ അസ്സസ്സിംഗ് ആഫീസർക്ക് തനിക്ക് ഉചിതമെന്നു തോന്നുന്ന പ്രകാരമുള്ള അന്വേഷണം നടത്തിയതിനോ നടത്തിച്ചതിനോ ശേഷം, ഉത്തരവ് വഴി, വ്യാപാരി നൽകേണ്ടതായ സെസ്സ് നിർണ്ണയിക്കേണ്ടതാണ്.

(3) (1)-ാം ഉപവകുപ്പ് പ്രകാരമോ (2)-ാം ഉപവകുപ്പ് പ്രകാരമോ പുറപ്പെടുവിക്കുന്ന സെസ്സ് നിർണ്ണയിച്ചുകൊണ്ടുള്ള ഒരു ഉത്തരവിൽ വ്യാപാരി നൽകേണ്ടതായ സെസ്സ് അത് ഏത് തീയതിക്കുള്ളിൽ അടയ്ക്കണമെന്നും നിർദ്ദേശിക്കേണ്ടതാണ്.

(4) (1)-ാം ഉപവകുപ്പിൻ കീഴിലോ (2)-ാം ഉപവകുപ്പിൻ കീഴിലോ അന്വേഷണം നടത്തുന്ന ഒരു ഉദ്യോഗസ്ഥന്, ഈ അന്വേഷണത്തിന്റെ ആവശ്യത്തിലേക്കായി, 1908-ലെ സിവിൽ നടപടി നിയമ സംഹിത (1908-ലെ 5-ാം കേന്ദ്ര ആക്റ്റ്) പ്രകാരം ഒരു സിവിൽ കേസ് വിചാരണ നടത്തുമ്പോൾ ഒരു സിവിൽ കോടതിയിൽ നിക്ഷിപ്തമായിട്ടുള്ള അതേ അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) ഏതൊരാളിന്റെയും ഹാജരാകൽ ഉറപ്പുവരുത്തുകയും സത്യപ്രതിജ്ഞയിന്മേലോ ദൃഢപ്രതിജ്ഞയിന്മേലോ അയാളെ വിസ്തരിക്കുകയും ചെയ്യുക ;

(ബി) രേഖകൾ വെളിപ്പെടുത്തുന്നതിനും ഹാജരാക്കുന്നതിനും ആവശ്യപ്പെടുക ;

(സി) സത്യവാങ്മൂലത്തിന്മേൽ തെളിവ് സ്വീകരിക്കുക ;

(ഡി). സാക്ഷികളെ വിസ്തരിക്കുന്നതിനുവേണ്ടി കമ്മീഷനുകളെ നിയോഗിക്കുക.

(5) ഈ വകുപ്പിൻ കീഴിൽ നടത്തുന്ന ഏതൊരു അന്വേഷണവും ഇൻഡ്യൻ ശിക്ഷാ നിയമ സംഹിതയുടെ (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 193-ഉം 228-ഉം വകുപ്പുകളുടെ അർത്ഥ വ്യാപ്തിക്കുള്ളിൽ വരുന്നതും പ്രസ്തുത നിയമ സംഹിതയിലെ 196-ാം വകുപ്പിന്റെയും ആവശ്യത്തിലേക്കായും ഉള്ള നീതിന്യായ നടപടികളായി കരുതപ്പെടേണ്ടതാണ്.

9. <u>സെസ്സിന്റെ താല്ക്കാലിക പിരിച്ചെടുക്കൽ.</u>—(1) 3-ാം വകുപ്പുപ്രകാരം സെസ്സ് നൽകുന്നതിന് ബാദ്ധ്യതയുള്ള ഏതൊരു വ്യാപാരിയും 8-ാം വകുപ്പുപ്രകാരം അയാൾ നൽകേണ്ട തുക നിർണ്ണയിക്കുന്നതുവരെ, 8-ാം വകുപ്പു പ്രകാരം അടുത്തകാലത്തായി നിർണ്ണയിച്ചിട്ടുള്ള വാർഷികമായി അയാൾ നൽകേണ്ട സെസ്സിന്റെ നാലിൽ ഒന്ന് ഭാഗത്തിന് തുല്യമായ തുക തുടർന്നുവരുന്ന മാസം പതിനഞ്ചാംതീയതിക്ക് മുമ്പായി ഒടുക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം തുക ഒടുക്കാതിരുന്നാൽ, അസ്സസ്സിംഗ് ആഫീസർ, വീഴ്ച വരുത്തിയ വ്യക്തിക്ക്, ഒടുക്കേണ്ട കുടിശ്ശിക തുക കാണിച്ചുകൊണ്ട് നോട്ടീസിൽ കാണിച്ചിരിക്കുന്ന അത്തരം സമയപരിധിക്കുള്ളിൽ പ്രസ്തുത തുക ഒടുക്കുന്നതിന് നിർദ്ദേശിച്ചുകൊണ്ട് നോട്ടീസ് നൽകേണ്ടതാണ്.

(3) ഒരു വർഷത്തേക്ക് വ്യാപാരി (1)-ാം ഉപവകുപ്പ് പ്രകാരം നൽകിയിട്ടുള്ള തുക 8-ാം വകുപ്പനുസരിച്ച് ആ വർഷത്തേക്ക് നിർണ്ണയിച്ചിട്ടുള്ള തുകയിലേക്ക് തട്ടിക്കിഴിക്കേണ്ടതാണ്.

10. <u>സെസ്സ് നൽകുന്നതിൽ കാലതാമസം വരുത്തിയാൽ നൽകേണ്ടതായ പലിശ.</u>— 3-ാം വകുപ്പ് പ്രകാരം നൽകേണ്ടതായ ഏതെങ്കിലും സെസ്സ് തുക സെസ്സ് നിർണ്ണയിച്ചുകൊണ്ടുള്ള ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ള സമയത്തിനകത്ത് നൽകുന്നതിന് ഏതെങ്കിലും വ്യാപാരി വീഴ്ച വരുത്തുന്നപക്ഷം, അങ്ങനെയുള്ള വ്യാപാരി അങ്ങനെ നൽകേണ്ടതായ തീയതി മുതൽ അങ്ങനെയുള്ള തുക യഥാർത്ഥത്തിൽ നൽകിയിട്ടുള്ള തീയതി വരെയുള്ള കാലയളവിലുള്ള ഓരോ മാസത്തേക്കോ അതിന്റെ ഭാഗത്തിനോ നൽകേണ്ടതായ തുകയ്ക്ക് രണ്ട് ശതമാനം മാസ നിരക്കിൽ പലിശ നൽകാൻ ബാദ്ധ്യസ്ഥനാണ്.

11. നിർദ്ദേശിച്ച സമയപരിധിക്കുള്ളിൽ നികുതി അടയ്ക്കാത്തതിന്മേലുള്ള പിഴ നൽകുന്നത് സംബന്ധിച്ച്.— 3-ാം വകുപ്പ് പ്രകാരം ഏതെങ്കിലും സെസ്സ് തുക സെസ്സ് നൽകേണ്ടതായ ഏതെങ്കിലും വ്യാപാരി 8-ാം വകുപ്പ് പ്രകാരമുള്ള സെസ്സ് നിർണ്ണയിച്ചുകൊണ്ട് നിർദ്ദേശിച്ചിട്ടുള്ള തീയതിക്കുള്ളിൽ നൽകാത്തപക്ഷം, അത് കുടിശ്ശികയായി കരുതപ്പെടുന്നതും അസ്സസ്സിംഗ് ആഫീസർക്ക്, അത്തരം അന്വേഷണം നടത്തിയതിനുശേഷവും അയാൾക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരവസരം നൽകിയതിനുശേഷവും, സെസ്സ് തുകയിൽ കവിയാത്ത ഒരു തുക പിഴയായി അങ്ങനെയുള്ള വ്യാപാരിയുടെമേൽ ചുമത്താവുന്നതാണ്.

12. ഈ ആക്റ്റ് പ്രകാരം കിട്ടേണ്ടതായ തുക ഈടാക്കുന്നത് സംബന്ധിച്ച്.—ഈ ആക്റ്റ് പ്രകാരം ഒരു വ്യാപാരിയിൽ നിന്നും കിട്ടേണ്ടതായ ഏതെങ്കിലും പലിശയോ പിഴയോ ഉൾപ്പെടെയുള്ള ഏതെങ്കിലും തുക ഭൂമിയിൽ നിന്നുള്ള പൊതുകര കുടിശ്ശിക എന്നപോലെ ഈടാക്കാവുന്നതാണ്.

13. അപ്പീൽ.— (1) 8-ാം വകുപ്പ് പ്രകാരമുള്ള സെസ്സ് നിർണ്ണയിച്ചുകൊണ്ടുള്ള ഉത്തരവോ അല്ലെങ്കിൽ 11-ാം വകുപ്പ് പ്രകാരമുള്ള പിഴ ചുമത്തിക്കൊണ്ടുള്ള ഉത്തരവോ മൂലം സങ്കടമനുഭവിക്കുന്ന ഏതൊരു വ്യാപാരിക്കും, ഉത്തരവ് ലഭിച്ച് അറുപത് ദിവസത്തിനുള്ളിൽ, നിർണ്ണയിക്കപ്പെടുന്ന പ്രകാരമുള്ള ഫാറത്തിലും അപ്രകാരമുള്ള രീതിയിലും ഫിഷറീസ് ഡയറക്ടർക്ക് അപ്പീൽ സമർപ്പിക്കാവുന്നതാണ്:

എന്നാൽ, അപ്പീൽ ഫയൽ ചെയ്യാൻ കാലതാമസം വന്നിട്ടുള്ളത് ന്യായമായ കാരണങ്ങളാലാണെന്ന് ബോദ്ധ്യപ്പെടുന്നപക്ഷം, ഫിഷറീസ് ഡയറക്ടർക്ക് അപ്പീൽ നൽകുന്നതിനുള്ള കാലതാമസം മാപ്പാക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പനുസരിച്ചുള്ള അപ്പീൽ ലഭിക്കുന്നതിന്മേൽ, അപ്പീൽ വാദിക്ക് ആ സംഗതിയിൽ പറയുവാനുള്ളത് പറയുവാൻ അവസരം നൽകിയതിനുശേഷം, ഫിഷറീസ് ഡയറക്ടർ ഒരുമാസത്തിനകം അപ്പീൽ തീർപ്പാക്കേണ്ടതാണ്.

(3) (2)-ാം ഉപവകുപ്പിൻകീഴിൽ പാസ്സാക്കിയിട്ടുള്ള എല്ലാ ഉത്തരവും അന്തിമമായിരിക്കുന്നതും യാതൊരു നീതിന്യായക്കോടതിയിലും ചോദ്യം ചെയ്യപ്പെടാൻ പാടില്ലാത്തതുമാണ്

14. റിവിഷൻ.—സർക്കാരിന് സ്വമേധയായോ, സങ്കടമനുഭവിക്കുന്ന ആളിന്റെ അപേക്ഷയിന്മേലോ, 13-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം അപ്പീൽ അധികാരി എടുത്തിട്ടുള്ള നടപടികളെ സംബന്ധിച്ചുള്ള രേഖകൾ ആവശ്യപ്പെടാവുന്നതും അവർക്ക് ഉചിതമെന്ന് തോന്നുന്ന പ്രകാരമുള്ള അന്വേഷണം നടത്താവുന്നതും അപ്രകാരമുള്ള ഉത്തരവ് പുറപ്പെടുവിക്കാവുന്നതുമാണ് :

എന്നാൽ, ഈ വകുപ്പ് പ്രകാരം റിവിഷനുവേണ്ടിയുള്ള അപേക്ഷ, അപേക്ഷകന് ഉത്തരവ് ലഭിച്ച തീയതി മുതൽ മുപ്പത് ദിവസത്തിനകം നൽകേണ്ടതും സങ്കടമനുഭവിക്കുന്ന ആളിന് പറയുവാനുള്ളത് പറയുവാൻ ഒരു അവസരം നൽകാതെ, ഈ വകുപ്പിൻ കീഴിൽ യാതൊരു ഉത്തരവും പാസ്സാക്കാൻ പാടില്ലാത്തതുമാകുന്നു.

15. പ്രവേശിക്കുന്നതിനുള്ള അധികാരം.—അസ്സസ്സിംഗ് ആഫീസർക്കോ, സർക്കാർ ഇതിലേക്കായി പ്രത്യേകം അധികാരപ്പെടുത്തിയിട്ടുള്ള മറ്റ് ഏതെങ്കിലും ഉദ്യോഗസ്ഥനോ,—

(എ) ഈ ആക്റ്റിന്റെ 7-ാം വകുപ്പ് പ്രകാരം ഏതെങ്കിലും വ്യാപാരി നൽകുന്ന വിവരങ്ങളുടെ കൃത്യത പരിശോധിക്കുന്നതുൾപ്പെടെയുള്ള ആവശ്യങ്ങൾ നടപ്പിലാക്കുന്നതിലേക്കായി, അദ്ദേഹം ഉചിതമെന്ന് കരുതുന്ന സഹായം, ആവശ്യമുള്ളപക്ഷം, അത്തരം സഹായത്തോടുകൂടി ന്യായമായ ഏത് സമയത്തും അദ്ദേഹം ആവശ്യമെന്ന് കരുതുന്ന ഏതൊരു സ്ഥാപനത്തിലോ സ്ഥലത്തോ പ്രവേശിക്കാവുന്നതും ;

(ബി) മത്സ്യമോ മത്സ്യ ഉല്പന്നമോ അനുബന്ധ വസ്തുക്കളോ ഉപകരണങ്ങളോ വില്പന നടത്തിയതുമായി ബന്ധപ്പെട്ട ഏതെങ്കിലും രജിസ്റ്ററുകളോ മറ്റേതെങ്കിലും രേഖകളോ ഹാജരാക്കുന്നതിന് ആവശ്യപ്പെടാവുന്നതും ;

(സി) നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള മറ്റധികാരങ്ങൾ വിനിയോഗിക്കാവുന്നതുമാണ്.

16. പിരിച്ചെടുത്ത സെസ്സിന്റെ റിട്ടേൺ.—(1) ഓരോ അസ്സസ്സിംഗ് ആഫീസറും, താൻ മുൻ മാസത്തിൽ സെസ്സ് ഇനത്തിലോ പിഴയായോ പലിശയായോ പിരിച്ചെടുത്ത തുക കാണിച്ചുകൊണ്ടുള്ള ഒരു റിട്ടേൺ ഫിഷറീസ് ഡയറക്ടർ മുമ്പാകെ, നിർണ്ണയിക്കപ്പെടുന്ന പ്രകാരമുള്ള ഫാറത്തിലും അപ്രകാരമുള്ള കാലയളവിനുള്ളിലും എല്ലാ മാസവും സമർപ്പിക്കേണ്ടതാണ്.

(2) ഫിഷറീസ് ഡയറക്ടർ, സംസ്ഥാനത്ത് മുൻ സാമ്പത്തിക വർഷത്തിൽ സെസ്സ് ഇനത്തിലോ, പിഴയായോ, പലിശയായോ പിരിച്ചെടുത്തിട്ടുള്ള മുഴുവൻ തുകയും കാണിച്ചുകൊണ്ടുള്ള ഒരു റിട്ടേൺ നിർണ്ണയിക്കപ്പെടുന്ന പ്രകാരമുള്ള ഫാറത്തിലും അപ്രകാരമുള്ള കാലയളവിനുള്ളിലും സർക്കാരിന് സമർപ്പിക്കേണ്ടതാണ്.

17. ശിക്ഷ.—(1) ഈ ആക്റ്റ് പ്രകാരമുള്ള ഒരു റിട്ടേൺ സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തുകയോ തെറ്റായ വിവരങ്ങൾ സമർപ്പിക്കുകയോ ചെയ്യുന്ന ഏതൊരു വ്യാപാരിയും ആറുമാസക്കാലംവരെ ആകാവുന്ന തടവോ ആയിരം രൂപവരെ ആകാവുന്ന പിഴയോ അഥവാ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടേണ്ടതാണ്.

(2) അപ്രകാരമുള്ള സെസ്സ് നല്കുന്നതിൽ നിന്നും ബോധപൂർവ്വമോ, മനഃപൂർവ്വമോ ഒഴിഞ്ഞുമാറുകയോ ഒഴിഞ്ഞുമാറാൻ ശ്രമിക്കുകയോ ചെയ്യുന്ന ഏതൊരാളും ആറുമാസക്കാലം വരെ ആകാവുന്ന തടവോ ആയിരം രൂപവരെ ആകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടേണ്ടതാണ്.

(3) ഈ ആക്റ്റിലെയോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയോ വ്യവസ്ഥകളിൽ ഏതെങ്കിലും ലംഘിക്കുന്ന ഏതൊരാളും ഈ ആക്റ്റ് പ്രകാരം മറ്റൊരിടത്തും അങ്ങനെയുള്ള ലംഘനത്തിന് മറ്റു ശിക്ഷയൊന്നും വ്യവസ്ഥ ചെയ്തിട്ടില്ലാത്തപക്ഷം, മൂന്നുമാസക്കാലം വരെയാകാവുന്ന തടവോ അഞ്ഞൂറ് രൂപവരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടേണ്ടതാണ്.

(4) ഫിഷറിസ് ഡയറക്ടറോ അദ്ദേഹം അധികാരപ്പെടുത്തിയ പ്രകാരമോ ഉള്ള ഒരു പരാതിയിന്മേൽ അല്ലാതെ ഈ വകുപ്പ് പ്രകാരം ശിക്ഷാർഹമായ ഒരു കുറ്റം യാതൊരു കോടതിയും വിചാരണയ്ക്കെടുക്കുവാൻ പാടുള്ളതല്ല.

18. കമ്പനികൾ ചെയ്യുന്ന കുറ്റം.—(1) ഈ ആക്റ്റിൻകീഴിലുള്ള ഒരു കുറ്റം ഒരു കമ്പനി ചെയ്യുന്നിടത്ത്, കുറ്റം ചെയ്യുന്ന സമയത്ത് കമ്പനിയുടെ ചാർജ്ജ് വഹിക്കുന്നതും കമ്പനിയുടെ ബിസിനസ് നടത്തിപ്പിന്റെ ഉത്തരവാദിത്വമുള്ളതുമായ ഏതൊരാളും ആ കമ്പനിയും കുറ്റം ചെയ്തതായി കരുതപ്പെടുന്നതും അതനുസരിച്ചുള്ള നടപടിക്ക് വിധേയമാക്കേണ്ടതും ശിക്ഷിക്കപ്പെടേണ്ടതുമാണ്:

എന്നാൽ, കുറ്റം ചെയ്തിട്ടുള്ളത് തന്റെ അറിവ് കൂടാതെയാണെന്നോ അഥവാ അങ്ങനെയുള്ള കുറ്റം ചെയ്യുന്നത് തടയുന്നതിനായി താൻ യഥാവിധി എല്ലാ ശ്രദ്ധയും ചെലുത്തിയിരുന്നുവെന്നോ അയാൾ തെളിയിക്കുകയാണെങ്കിൽ, ഈ ഉപവകുപ്പിൽ അടങ്ങിയിട്ടുള്ള യാതൊന്നുംതന്നെ അങ്ങനെയുള്ള ഏതൊരാളെയും യാതൊരു ശിക്ഷയ്ക്കും വിധേയനാക്കുന്നതല്ല.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റ് പ്രകാരമുള്ള കുറ്റം കമ്പനി, കമ്പനിയുടെ ഏതെങ്കിലും ഡയറക്ടറുടേയോ, മാനേജരുടെയോ, സെക്രട്ടറിയുടേയോ, മറ്റേതെങ്കിലും ഭാരവാഹിയുടേയോ സമ്മതത്തോടെയോ, മൗനാനുവാദത്തോടെയോ അഥവാ അവരുടെ ഭാഗത്തുനിന്നും ഉണ്ടായേക്കാവുന്ന ഏതെങ്കിലും ഉപേക്ഷകൊണ്ടോ ആണ് ആ കുറ്റം ചെയ്തതെങ്കിൽ അങ്ങനെയുള്ള ഡയറക്ടറോ മാനേജരോ സെക്രട്ടറിയോ അഥവാ അങ്ങനെയുള്ള മറ്റ് ഏതെങ്കിലും ഭാരവാഹിയോ ആ കുറ്റം ചെയ്തതായി കരുതപ്പെടുന്നതും അതനുസരിച്ച് അയാൾക്ക് എതിരായി നടപടി എടുക്കേണ്ടതും ശിക്ഷിക്കേണ്ടതുമാണ്.

വിശദീകരണം: ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി,—

(എ) 'കമ്പനി' എന്നാൽ ഒരു ഏകാംഗീകൃത നികായം എന്നർത്ഥമാകുന്നതും, അതിൽ ഒരു ഫേമോ, വ്യക്തികളുടെ മറ്റു സമാജമോ ഉൾപ്പെടുന്നതും ആകുന്നു;

(ബി) ഒരു ഫേമിനെ സംബന്ധിച്ച് "ഡയറക്ടർ" എന്നാൽ ആ ഫേമിലെ പങ്കാളി എന്നർത്ഥമാകുന്നു.

19. സിവിൽ കോടതികളുടെ അധികാരിതയ്ക്ക് വിലക്ക്.—ഈ ആക്റ്റ് പ്രകാരമോ അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾ പ്രകാരമോ സർക്കാരോ, ഈ ആക്റ്റ് പ്രകാരം നിയമിച്ച ഏതെങ്കിലും അധികാരസ്ഥനോ, ഉദ്യോഗസ്ഥനോ, ഒത്തുതീർപ്പാക്കുകയോ തീരുമാനിക്കുകയോ കൈകാര്യം ചെയ്യുകയോ നിശ്ചയിക്കുകയോ ചെയ്യേണ്ടതായ ഏതെങ്കിലും പ്രശ്നമോ, നിശ്ചയിക്കേണ്ടതായ സംഗതിയോ, ഒത്തുതീർപ്പാക്കുവാനോ, തീരുമാനിക്കുവാനോ, കൈകാര്യം ചെയ്യുവാനോ അഥവാ നിശ്ചയിക്കുവാനോ യാതൊരു സിവിൽ കോടതിക്കും അധികാരിത ഉണ്ടായിരിക്കുന്നതല്ല.

20. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.—(1) ഈ ആക്റ്റിന്റെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനായി, ഗസറ്റ് വിജ്ഞാപനംവഴി സർക്കാരിന് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്

(2) മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെ അപ്രകാരമുള്ള ചട്ടങ്ങളിൽ താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾക്കായി വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(എ) 3-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം സെസ്സ് ചുമത്തേണ്ടതും പിരിച്ചെടുക്കേണ്ടതുമായ രീതിയും സമയപരിധിയും ;

(ബി) 3-ാം വകുപ്പ് (5)-ാം ഉപവകുപ്പ് പ്രകാരം ബോർഡിന് പണം കൈമാറേണ്ട രീതി ;

(സി) 6-ാം വകുപ്പ് പ്രകാരം വ്യാപാരി സൂക്ഷിക്കേണ്ട രജിസ്റ്ററുകളും രേഖകളും അവ സൂക്ഷിക്കേണ്ടതായ ഫാറവും രീതിയും ;

(ഡി) 7-ാം വകുപ്പ് പ്രകാരം വ്യാപാരി സമർപ്പിക്കേണ്ട റിട്ടേണിലെ വിവരങ്ങളും, അപ്രകാരമുള്ള റിട്ടേൺ സമർപ്പിക്കേണ്ട രീതിയും സമയവും ;

(ഇ) 13-ാം വകുപ്പ് പ്രകാരം അപ്പീൽ ബോധിപ്പിക്കേണ്ട രീതിയും ;

(എഫ്) 15-ാം വകുപ്പ് (സി) ഖണ്ഡപ്രകാരം ഉദ്യോഗസ്ഥർക്ക് വിനിയോഗിക്കാവുന്ന അധികാരങ്ങൾ ;

(ജി) 16-ാം വകുപ്പ് പ്രകാരം പിരിച്ചെടുത്ത സെസ്സ് സംബന്ധിച്ച റിട്ടേൺ സമർപ്പിക്കേണ്ട ഫാറവും സമയപരിധിയും ;

(എച്ച്) നിർണ്ണയിക്കപ്പെടേണ്ടതോ നിർണ്ണയിക്കപ്പെടാവുന്നതോ ആയ മറ്റേതെങ്കിലും സംഗതി.

(3) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കപ്പെടുന്ന ഓരോ ചട്ടവും, അതുണ്ടാക്കിയ ശേഷം, കഴിയുന്നത്ര വേഗം നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ, സഭ മുമ്പാകെ ഒരു സമ്മേളനത്തിലോ അല്ലെങ്കിൽ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത്, ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ, തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുൻപ്, നിയമസഭ പ്രസ്തുത ചട്ടത്തിൽ, ഏതെങ്കിലും രൂപഭേദം വരുത്തുകയോ, അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന് അതിനുശേഷം, അതതു സംഗതിപോലെ, അപ്രകാരം രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു; എന്നിരുന്നാലും അപ്രകാരമുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ, ആ ചട്ടപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിൽ ആയിരിക്കേണ്ടതാണ്.

21. റദ്ദാക്കലും ഒഴിവാക്കലും.—(1) 2007-ലെ കേരള മത്സ്യത്തൊഴിലാളികളുടെയും അനുബന്ധത്തൊഴിലാളികളുടെയും ക്ഷേമ സെസ്സ് ഓർഡിനൻസ് (2007-ലെ 19) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ, എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ചെയ്തതോ എടുത്തതോ ആയി കരുതപ്പെടേണ്ടതാണ്.